# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2780.20.03.2015** -ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>വൈസ് ചാൻസലർമാരുടെ യോഗം</u>**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി. ജമീല പ്രകാശം | ശ്രീ. പി.കെ. അബ്ദു റബ്ബ് |
| ശ്രീ. സി. കെ. നാണു | (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ,, ജോസ് തെറ്റയിൽ | |
| ,, മാത്യു റ്റി. തോമസ് : | |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം ചാൻസലർ കൂടിയായ ഗവർണ്ണർ വിളിച്ചിരുന്നോ ; | (എ)<br>(ബി)<br>(സി)<br>(ഡി)<br>&<br>(ഇ) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ആശയങ്ങൾ കൈമാറുന്നതിനുള്ള വേദി ഒരുക്കുന്നതിനു വേണ്ടി കേരളത്തിലെ വിവിധ സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം ചാൻസലർ കൂടിയായ ഗവർണ്ണർ വിളിച്ചുചേർത്തിരുന്നു. യോഗതീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രധിനിധീകരിച്ച് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തു. |
| (ബി) | എങ്കിൽ യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | യോഗം വിളിക്കുന്ന കാര്യം ഗവർണ്ണർ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ അറിയിച്ചിരുന്നോ ; | | |
| (ഡി) | ഇത് സംബന്ധിച്ച് ഗവർണ്ണറും വിദ്യാഭ്യാസ മന്ത്രിയും തമ്മിൽ ആശയ വിനിയമം നടത്തിയിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്